LIBRARY ARCHIVES Kerala Legislative Assembly

വാൻറോസ് ജംഗ്ഷനിൽ സോന ഫാൻസി എന്ന സ്ഥാപനം നടത്തിവന്ന കലാ ശ്രീകുമാറിനുവേണ്ടി ഭർത്താവ് ശ്രീകുമാർ നടരാജപിള്ള 16-6-2021-ന് ഇമെയിൽ മുഖാന്തരം കന്റോൺമെന്റ് സ്റ്റേഷനിൽ ഒരു പരാതി നൽകി. പരാതിയിൽ ബിജു രമേഷ് എന്നയാളും അനുയായികളും ചേർന്ന് അവർ നടത്തി വന്ന സ്ഥാപനത്തിന്റെ പ്രവേശന കവാടം അടച്ചുകെട്ടിയതായും ഉദ്ദേശം 15 ലക്ഷം രൂപയുടെ വസ്തുവകകൾ മോഷണം നടത്തിയതായും പറഞ്ഞിരുന്നു. പരാതിക്കാർ കാനഡയിലായിരുന്നതിനാൽ അവരുടെ പ്രതിനിധിയായി സുഹൃത്തായ മണിയൻ എന്നയാൾ സ്റ്റേഷനിൽ ഹാജരായി നൽകിയ മൊഴിയനുസരിച്ചാണ് കേസെടുത്തത്. പരാതിയിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 826/2021 നമ്പറായി U/s 457,380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. കൂടാതെ കടയിൽ സ്ഥാപിച്ചിരുന്ന ഇലക്ട്രിസിറ്റി ബോർഡ് വക മീറ്റർ കാണാതായതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പരാതി പ്രകാരം കേരള ഇലക്ട്രിസിറ്റി ആക്ട് 136, 138 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 991/2021 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പരാതി രജിസ്റ്റർ ചെയ്യാൻ പോലീസ് കാലതാമസം വരുത്തിയിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ?

കാലതാമസം വരുത്തിയിട്ടില്ല.

(സി) പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതികളിൽ ആർക്കെങ്കിലുമെതിരെ, അനധികൃതമായി ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട്, സംസ്ഥാനത്തെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

&

(ഇ) കേസിലെ ഏതെങ്കിലും പ്രതിയുടെ വൃദ്ധമാതാവിന് പോലീസ് സംരക്ഷണം നൽകിക്കൊണ്ട് കോടതി ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ?

CCTV, DVR എന്നിവ ഫോറൻസിക് വിശദ പരിശോധനയ്ക്കായി ബന്ധവസ്സിലെടുത്തിട്ടുണ്ട്. പ്രസ്തുത ഭാഗത്തുള്ള സ്ഥലം പുറമ്പോക്ക് ഭൂമിയാണെന്ന് അറിവായിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

124 (4849) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര വകുപ്പ് മുഖാന്തരം ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആലത്തൂർ മണ്ഡലത്തിൽ ആലത്തൂർ പോലീസ് സ്റ്റേഷനും കഴൽമന്ദം പോലീസ് സ്റ്റേഷനുംവേണ്ടി രണ്ട് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ആലത്തൂർ സബ് ജയിലിൽ സി.സി.ടി.വി. സംവിധാനം 2016 നവംബറിൽ കമ്മീഷൻ ചെയ്തു. തുടർന്ന് ടി സംവിധാനം 17 ക്യാമറകളുൾപ്പെടുത്തി വിപുലീകരിച്ചു. ആലത്തൂർ സബ് ജയിലിൽ 6,56,204 രൂപ ചെലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചു. ഇ-പ്രിസൺ, ഇ-ഫയൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കുകയും ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ സ്ഥാപിക്കുകയും ചെയ്തു. ജയിൽ അന്തേവാസികളുടെ തെറ്റുതിരുത്തൽ പ്രക്രിയയുടെ ഭാഗമായി 1,37,500 രൂപ ചെലവിൽ ജയിൽ ക്ഷേമദിനാഘോഷം സംഘടിപ്പിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ 3,78,561 രൂപ ചെലവിൽ ആലത്തൂർ സബ് ജയിലിലെ സെല്ലുകളിൽ ടൈൽസ് പാകി. 2019-20 വർഷത്തിൽ 97,846 രൂപ ചെലവിൽ കഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ചു. 2020-21-ൽ ആലത്തൂർ സബ് ജയിലിൽ 60,000 രൂപ ചെലവിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ആലത്തൂർ നിലയത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും 50 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് പരിശീലനം നൽകുകയും നിലവിൽ 27 പേർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആപത് മിത്ര പദ്ധതിയുടെ ഭാഗമായി മുപ്പതോളം സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ആലത്തൂർ നിലയത്തിനുള്ള സ്ഥലം ഏറ്റെടുക്കലും പൂർത്തിയായിട്ടുണ്ട്. വാർഷിക പദ്ധതിയിനത്തിലെയും മറ്റും ഫണ്ടുകളുപയോഗിച്ച് ആലത്തൂർ നിലയത്തിൽ വാഹനങ്ങളും ഉപകരണങ്ങളും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്.

**വിരമിച്ച പോലീസുദ്യോഗസ്ഥരുടെ ടെയിനിംഗ് പിരീഡിലെ ആനുകൂല്യം**

125 (4850) ഡോ. മാത്യു കുഴൽനാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങളുടെ ടെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിക്കാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതി മുതലാണ് ഈ ആനുകൂല്യം നൽകിയിട്ടുള്ളത്;

(ബി) 1-4-2010-നുശേഷം സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുകയും 1-4-2010-ന് മുമ്പ് വിരമിച്ചവർക്ക് ആനുകൂല്യം ലഭിക്കാതിരിക്കുകയും ചെയ്തതിനുള്ള കാരണമെന്താണ്;

&